തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം
(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് &
എഞ്ചിനീയറിംഗ് വിംഗ്)
സ്വരാജ് ഭവൻ, അഞ്ചാംനില
നന്തൻകോട്, കവടിയാർ
തിരുവനന്തപുരം-03

Phone: 0471-2324951
0471-2325071
Tele Fax: 0471-2324951
e-mail: celsgd@gmail.com
Website: www.celsgd.kerala.gov.in

നം. ഇ8 - 15079/2022/സിഇ/തസ്വഭവ

തീയതി 13/12/2022

## സർക്കുലർ

വിഷയം :- ത.സ്വ.ഭ.വ-ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെൻറ് ആൻറ് എഞ്ചിനീയറിംഗ് (LID & EW) - ജീവനക്കാര്യം- ഉദ്യോഗസ്ഥരുടെ ലീവ് അനുവദിക്കുന്നത് -സംബന്ധിച്ച്.

സൂചന :-

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഈ സാമ്പത്തിക വർഷത്തിലെ പദ്ധതി പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ആയത് കാര്യക്ഷമമായി പൂർത്തിയാക്കേണ്ടതുണ്ട്. ടി എഞ്ചിനീയറിംഗ് പ്രവൃത്തികൾ ഗുണമേന്മയോടുകൂടിയും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് കൃത്യമായ മേൽനോട്ടം ഉറപ്പുവരുത്തുന്നതിനുവേണ്ടി ജീവനക്കാരുടെ സാന്നിദ്ധ്യം അനിവാര്യമാണ്. ഈ സാഹചര്യത്തിൽ ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതുവരെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് മെഡിക്കൽ അവധിയും (മെഡിക്കൽ ബോർഡ് അംഗീകാരത്തോട് കൂടിയത്) അടിയന്തര സാഹചര്യമാണെന്ന് നിയന്ത്രണാധികാരിക്ക് ബോധ്യമാകുന്ന പക്ഷം അവശ്യ അവധിയും ഒഴികെ മറ്റ് യാതൊരുവിധ അവധികളും നിയന്ത്രണാധികാരികൾ അനുവദിക്കാൻ പാടുള്ളതല്ല. നിലവിൽ അത്യാവശ്യ/അടിയന്തര സാഹചര്യത്തിലല്ലാതെ അവധിയിൽ പ്രവേശിച്ചിട്ടുള്ളവരുടെ അവധി റദ്ദാക്കി തിരികെ സേവനത്തിൽ പ്രവേശിക്കാൻ ആവശ്യപ്പെടേണ്ടതാണ്. ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ വീഴ്ച കൂടാതെ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുതായി നിയന്ത്രണാധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്. ടി പദ്ധതി പ്രവർത്തന പൂർത്തീകരണത്തിൽ ഏതെങ്കിലും തരത്തിലുണ്ടാകുന്ന വീഴ്ചകളും കുറവുകളും ഗൗരവതരമായി കാണുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

ഒപ്പ്
ചീഫ് എഞ്ചിനീയർ

അംഗീകാരത്തോടെ

ജൂനിയർ സൂപ്രണ്ട്

എല്ലാ നിയന്ത്രണാധികാരികൾക്കും (വെബ് സൈറ്റ് മുഖേന)
പകർപ്പ് : ഫയൽ/കരുതൽ ഫയൽ

Scanned with CamScanner